**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഏറ്റുമാനൂർ നഗരസഭ - ദിവസ വേതനാടിസ്ഥാനത്തിൽ അഞ്ച് ബിൽകളക്ടർമാരെയും ഒരു ക്ലാർക്കിനേയും നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 569/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 27.02.2018

---

പരാമർശം : 1. GO(P) No. 56/2017/Fin dated. 28/04/2016

2.. ഏറ്റുമാനൂർ നഗരസഭ ചെയർമാൻ സമർപ്പിച്ച 05.02.2018 ലെ എ 4-2192/17 നമ്പർ കത്ത്.

3. ഏറ്റുമാനൂർ നഗരസഭ കൗൺസിലിന്റെ 02.02.2018 തീയതിയിലെ 14(4) നമ്പർ തീരുമാനം..

## <u>ഉത്തരവ്</u>

ഏറ്റുമാനൂർ നഗരസഭയിലെ വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും അഞ്ച് ബിൽകളക്ടർമാരെയും ഒരു ക്ലാർക്കിനേയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം രണ്ടിലെ കത്ത് പ്രകാരം നഗരസഭാ ചെയർമാൻ അഭ്യർത്ഥിച്ചിരുന്നു. ഇക്കാര്യത്തിൽ പരാമർശം 3 പ്രകാരം നഗരസഭ കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതുമാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏറ്റുമാനൂർ നഗരസഭയിലെ വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കുന്നതിലേയ്ക്കും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിലേയ്ക്കുമായി അഞ്ച് ബിൽകളക്ടർമാരെയും ഒരു ക്ലാർക്കിനേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 (നൂറ്റിയെഴുപത്തിയൊൻപത് ) ദിവസത്തേക്ക് താല്ക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഏറ്റുമാനൂർ നഗരസഭ കൗൺസിലിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം 1 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ടി നിയമനം നടത്തുന്നതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം നഗരസഭാ സെക്രട്ടറിയിൻമേൽ നിക്ഷിപ്തമാണ് . ടി ജീവനക്കാർക്ക് നികുതി പിരിവ് നടത്തുന്നത് സംബന്ധിച്ച വ്യക്തമായ നിർദ്ദേശവും, പിരിക്കുന്ന തുക നഗരസഭാ ഫണ്ടിൽ ഒടുക്കുന്ന കാര്യത്തിൽ കൃത്യമായ മേൽനോട്ടം നഗരസഭാ സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്തിരുവനന്തപുരം.
നഗരസഭ സെക്രട്ടറി / ചെയർമാൻ, എറ്റുമാനൂർ നഗരസഭ
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ